LIBRARY ARCHIVES Kerala Legislative Assembly

ഇറച്ചിക്കോഴികൾക്കും മറ്റും നൽകുന്ന ആന്റിബയോട്ടിക്കുകൾ

198 (4238) ശ്രീ. കെ. എൻ എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറച്ചിക്കോഴികൾക്ക് ജൈവ ആന്റിബയോട്ടിക് ഉപയോഗിക്കുന്നതിന്റെ ഫലപ്രാപ്തി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇത്തരത്തിലുള്ള ആന്റിബയോട്ടിക്കുകളുടെ ഉപയോഗം സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ജൈവ ആന്റിബയോട്ടിക്കുകൾ എന്ന പേരിൽ ഇറച്ചിക്കോഴികൾക്കും മറ്റും നൽകുന്ന ആന്റിബയോട്ടിക്കുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇവയുടെ ഗുണനിലവാരം സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചും ആവശ്യമായ പരിശോധനകളും പഠനങ്ങളും നടത്താൻ തയ്യാറാകുമോ ;

(സി) ഇറച്ചിക്കോഴികൾക്ക് നൽകിവരുന്ന മറ്റ് ആന്റിബയോട്ടിക്കുകൾ ഇറച്ചി കഴിക്കുന്ന മനുഷ്യരുടെ പ്രതിരോധ ശക്തിയെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; ഇല്ലായെങ്കിൽ ഇത്തരത്തിലുള്ള പഠനം നടത്തുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല. ആന്റിബയോട്ടിക്കുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നില്ല.

(ബി) ഇല്ല. ആവശ്യമെങ്കിൽ പഠനങ്ങളും പരിശോധനകളും നടത്തുന്നതാണ്.

(സി) ഇത്തരത്തിലുള്ള പഠനങ്ങൾ ഒന്നുംതന്നെ മൃഗസംരക്ഷണവകുപ്പ് നടത്തിയിട്ടില്ല. മനുഷ്യരിൽ പഠനങ്ങൾ നടത്തുവാൻ വകുപ്പിന് നിയമപരമായി സാധിക്കുകയില്ല. എന്നാൽ ആരോഗ്യ വകുപ്പുമായി ആലോചിക്കുന്നതാണ്.

പാഠപുസ്തക അച്ചടി

199 (4240) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് വർഷത്തെ പാഠപുസ്തക അച്ചടി വൈകുന്നത് അച്ചടി വകുപ്പിന്റെ വീഴ്ചകൊണ്ടാണോ ; ഇക്കാര്യത്തിൽ വകുപ്പിന്റെ വിശദീകരണം എന്താണ് ;

(ബി) ഈ വർഷത്തെ ഓണത്തിനു മുൻപെങ്കിലും പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തീകരിക്കാൻ കഴിയുമോ ?

ഉത്തരം

(എ) അല്ല. 2015-16 അദ്ധ്യയനവർഷത്തെ പാഠപുസ്തകം അച്ചടിക്കുന്നതിനുള്ള ടെന്റേറ്റീവ് പ്രിന്റ് ഓർഡർ 28-10-2014-ലും ഫൈനൽ പ്രിന്റ് ഓർഡർ 10-2-2015-ലുമാണ് കെ.ബി.പി.എസ്.-ന് ലഭിച്ചത്. പേപ്പർ, ബോർഡ് എന്നിവ വാങ്ങുന്നതിനുള്ള ഭരണാനുമതി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 11-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 4920/2014/പൊ.വി.വ. പ്രകാരവും ആയത് വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 24-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 150/2015/ഉ.വി.വ. പ്രകാരവും നൽകിയിട്ടുണ്ട്.

2015-16 അദ്ധ്യയനവർഷം 3,73,15,500 പാഠപുസ്തകങ്ങളുടെ അച്ചടി നടത്തുന്നതിനായി 10-2-2015-ൽ കെ.ബി.പി.എസ്.-ന് പ്രിന്റ് ഓർഡർ നൽകിയിരുന്നു. 2,33,26,800 പുസ്തകങ്ങൾ Vol. I ആയും 1,39,88,700 പുസ്തകങ്ങൾ Vol. II ആയും അച്ചടിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. Vol. I പാഠപുസ്തക അച്ചടി മേയ് 15-ാം തീയതിയ്ക്കകം പൂർത്തീകരിക്കാൻ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയ്ക്ക് കഴിയുകയില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് ശേഷിച്ച 60 ലക്ഷത്തോളം പാഠപുസ്തകങ്ങളുടെ അച്ചടി സർക്കാർ പ്രസ്സിനെ ഏൽപ്പിക്കുന്നതിനുത്തരവായിരുന്നു.

ആയതിൽ 12,07,500 പാഠപുസ്തകങ്ങൾ സർക്കാർ പ്രസ് അച്ചടിച്ച് നൽകിയിട്ടുണ്ട്. അച്ചടി പൂർത്തീകരിക്കേണ്ട ബാക്കി പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്നതിനായി കെ.ബി.പി.എസ്.-നെ ഏൽപ്പിക്കുകയും ആയതിന്റെ അച്ചടി നടപടികൾ കെ.ബി.പി.എസ്.-ൽ പൂർത്തീകരിച്ചുവരികയും ചെയ്യുന്നു.

(ബി) വോളിയം I പാഠപുസ്തകങ്ങളുടെ അച്ചടി ജൂലൈ മാസത്തിൽ പൂർത്തീകരിക്കുവാനുള്ള അടിയന്തര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

2015-16 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി

200 (4243) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly